# പോലീസ് വകുപ്പ്
## കേരളം

**No. G2-50293/2021/CC**
സിറ്റി പോലീസ് ഓഫീസ്,
കോഴിക്കോട്
✉cpkkd.pol@kerala.gov.in
✆04952722673
തീയതി. 08-09-2021

**ലേല പരസ്യം**

കോഴിക്കോട് ജില്ല പോലീസ് മേധാവിയുടെ അധികാര പരിധിയുലുള്ള മാവൂർ പോലീസ് സ്റ്റേഷൻ പരിസരത്ത് സ്ഥിതി ചെയ്യുന്ന പഴയ പോലീസ് ക്വാർട്ടേസുകളായ (13/422, 13/423, 14/424,13/425, 13/426, 13/427, 13/428, 13/429, 13/430, 13/431, 13/432) എന്നി നമ്പറിലുള്ള 11 കെട്ടിടങ്ങൾ പൊളിച്ച് നീക്കുന്നതിനായി **28/09/2021 തീയതി പകൽ 11** മണിക്ക് മാവൂർ പോലീസ് സ്റ്റേഷൻ വളപ്പിൽ വെച്ച് പരസ്യമായി ലേലം ചെയ്യാൻ നിശ്ചയിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ നേരിട്ട് ഹാജരേകേണ്ടതും ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുൻപ് നിശ്ചിത നിരത ദ്രവ്യമായ 5000/- രൂപ (അയ്യായിരം രൂപ) ലേല സ്ഥലത്ത് വെച്ച് അടച്ച് രസീതി വാങ്ങണ്ടേതാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ നിശ്ചിത നിരത ദ്രവ്യമായ തുക അടച്ചതിൻറെ demand draft കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ 27/09/2021 തീയതി വൈകീട്ട് 5 മണിക്കു മുൻപായി കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ സമർപ്പിക്കാവുന്നതാണ്. കൂടാതെ ദർഘാസ് അടങ്ങിയ കവറിനു പുറത്ത് "പോലീസ് ഡിപ്പാർട്ട്മെൻറ് വക പഴയ ഉപയോഗശൂന്യമായ പോലീസ് ക്വാർട്ടേസുകൾ ലേലം ചെയ്തു വാങ്ങുന്നതിനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേലത്തിന് കൃത്യ സമയത്ത് ഹാജരേകേണ്ടതാണ്. പരസ്യ ലേലം അവസാനിച്ചലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിനു ലേലം തൽക്കാലികമായി സ്ഥിരപ്പെടുത്തി കൊടുക്കുന്നതാണ്. ലേലം തൽക്കാലികമായി ഉറപ്പിച്ച ഉടൻ തന്നെ ലേല തുകയുടെ പകുതിയും (നിരത ദ്രവ്യം കഴിച്ച്) 18% GST ഉൾപ്പെടെ മുഴുവൻ തുകയുടെ നികുതിയും അടച്ച് രസീത് വാങ്ങണ്ടേതും ബാക്കി തുക ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം അടച്ച് കെട്ടിടം സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും പൊളിച്ചു നീക്കം ചെയ്യേണ്ടതാണ്. ഏതെങ്കിലും കർണവശാൽ ലേലം/ ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും കെട്ടിടം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് ലേലക്കാരൻ അവകാശി ആയിരിക്കുന്നതുമല്ല.

മേൽ സൂചിപ്പിച്ച കെട്ടിടം പരിശോധിക്കണമെങ്കിൽ 25/09/2021 വരെയുള്ള ഏതെങ്കിലും പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 4 മണി വരെ മാവൂർ പോലീസ് സ്റ്റേഷൻ ഹൌസ് ഓഫിസറുടെ മുൻകൂർ അനുമതിയോട്ടു കൂടി പരിശോധിക്കാവുന്നതാണ്. യുക്തമെന്ന് തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേല തീയതി മാറ്റി വെക്കുന്നതും ലേല തീയതി മാറ്റി വെക്കുന്നതും ലേലദർഘാസ്/ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

എ വി ജോർജ് ഐ പി എസ്
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്

G2-50293/2021/CC

2401f0

| | | |
|---|---|---|
| സ്വീകർത്താവ് | : | 1. എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും വ്യാപക പരസ്യം ചെയ്യുന്നതിനായി. 2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോഴിക്കോട് പത്ര പരസ്യം ചെയ്യുന്നതിനായി. 3. എസ്എച്ച്ഒ മാവൂർ വ്യാപക പരസ്യം ചെയ്യുന്നതിനായി |
| പകർപ്പ് | : | കോഴിക്കോട് സിറ്റിയിലെ എല്ലാ ഓഫീസർമാർക്കും ലേലപരസ്യം നോട്ടീസ്, നോട്ടിസ് ബോർഡിൽ പതിപ്പിക്കുന്നതിനായി |